# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1348** **06.03.2020 ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി യു. പ്രതിഭ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കുവാൻ കൃഷിവകുപ്പ് എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്ത് പൊതു വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകത്തിൽ ഉൾപ്പെടുത്തി ഓരോ വർഷവും സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രധാന്യം നൽകുന്നുണ്ട്. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് ഒരു വിദ്യാലയത്തിന് 4,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000 രൂപ പ്രവർത്തന ചെലവായും നൽകി വരുന്നു, 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്/കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിലും ധനസഹായം നൽകുന്നു. |
| ബി) ആയതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | ബി) കൃഷിയ്ക്ക് അനുയോജ്യമായ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ലഭ്യമായ സ്കൂളുകൾക്ക് മുൻഗണനയും എന്നാൽ സ്ഥല പരിമിതിയുള്ള സ്കൂളുകൾക്ക് ഗ്രോബാഗുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിനുള്ള ധനസഹായം നൽകുന്നു. |

സെക്ഷൻ ഓഫീസർ